ഈ ആവശ്യത്തിനായി വിനിയോഗിക്കാൻ സാധിക്കുന്നില്ല. ഇതിനെല്ലാം പുറമേ വാഹന പരിശോധനാ സമയങ്ങളിൽ വിവിധ കുറ്റകൃത്യങ്ങൾക്ക് കസ്റ്റഡിയിൽ എടുക്കുന്ന വാഹനങ്ങൾ സൂക്ഷിക്കാൻ വകുപ്പിന് സ്ഥലസൗകര്യം ഇല്ലാത്തതും ഏറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. വാഹനങ്ങൾ സൂക്ഷിക്കാൻ വേണ്ടത്ര സ്ഥലം ഇല്ലാത്തതിനാൽ പല സ്ഥലങ്ങളിലും ഇത്തരം വാഹനങ്ങൾ പിടിച്ചെടുക്കാൻ കഴിയാതെ പോകുന്നു. കഴിഞ്ഞ അഞ്ച് വർഷങ്ങളുടെ സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നത് അപകടങ്ങളുടെ എണ്ണം സാരമായി കുറഞ്ഞിട്ടുണ്ട് എന്നാണ്. ബോധവൽക്കരണ പരിപാടികളും കഴിയുന്നത്ര വാഹന പരിശോധനകളും നടത്തിവരുന്നു.

(ബി) സംസ്ഥാനത്ത് റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരന്തരം വാഹന പരിശോധന നടത്തുന്നുണ്ട്. ഇതിനായി 17 ആർ.ടി. ഓഫീസുകളിലും ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലും മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. രാത്രികാലങ്ങളിലും വാഹന പരിശോധന സംഘടിപ്പിക്കാറുണ്ട്. ഓഫീസ് തലങ്ങളിൽ നടന്നുവരുന്ന പരിശോധനകൾക്ക് പുറമേ സംസ്ഥാനത്ത് ആകമാനമുള്ള മോട്ടോർ വാഹന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്രത്യേക വിഷയങ്ങൾക്ക് ഊന്നൽ നൽകി പരിശോധന നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് വരുന്ന വാഹനങ്ങൾ വകുപ്പിന്റെ ചെക്ക് പോസ്റ്റുകളിൽ പരിശോധനക്ക് വിധേയമാക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ നാല് മേഖലകളിലായി ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഇന്റർസെപ്റ്റർ വാഹനം ഉപയോഗിച്ച് 4 മേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ഓഫീസുകളുടെ നേതൃത്വത്തിൽ ഫ്ളൈയിംഗ് സ്ക്വാഡ് പരിശോധനകളും നടത്തിവരുന്നു. റോഡ് സുരക്ഷ സംബന്ധിച്ച വിവിധ പ്രവർത്തനങ്ങൾ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു.

റോഡപകടങ്ങൾ കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ

142 (592) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) പാതയോരങ്ങളിൽ സ്ഥാപിച്ചിട്ടുള്ള കൂറ്റൻ പരസ്യബോർഡുകളും അവയിൽ രാത്രി പ്രകാശിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള വെളിച്ച സംവിധാനങ്ങളും റോഡപകടങ്ങൾക്ക് ഹേതുവാകുന്നുവെന്ന റിപ്പോർട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇവ പഠനവിധേയമാക്കി ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് 2005-നുശേഷം വാഹനാപകടങ്ങളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്. സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരന്തരം വാഹന പരിശോധന നടത്തുന്നുണ്ട്. ഇതിനായി 17 ആർ.ടി. ഓഫീസുകളിലും ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലും മൊബൈൽ എൻഫോഴ്സ്മെന്റ് സ്കാഡുകൾ പ്രവർത്തിക്കുന്നുണ്ട്. രാത്രികാലങ്ങളിലും വാഹന പരിശോധന സംഘടിപ്പിക്കാറുണ്ട്. ഓഫീസ് തലങ്ങളിൽ നടന്നുവരുന്ന പരിശോധനകൾക്ക് പുറമെ സംസ്ഥാനത്ത് ആകമാനമുള്ള മോട്ടോർ വാഹന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തികൊണ്ട് പരിശോധന നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് വരുന്ന വാഹനങ്ങൾ വകുപ്പിന്റെ ചെക്ക് പോസ്റ്റുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ നാലു മേഖലകളിലായി ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഇന്റർ സെപ്റ്റർ വാഹനം ഉപയോഗിച്ച് 4 മേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ഓഫീസുകളുടെ നേതൃത്വത്തിൽ ഫ്ളൈയിംഗ് സ്കാഡ് ചെക്കിംഗുകളും നടത്തിവരുന്നു. കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ രൂപീകരണത്തോടുകൂടി സുരക്ഷാ സംബന്ധിച്ച വിവിധ പ്രവർത്തനങ്ങൾ പ്രസ്തുത അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു.

(ബി&സി) സുഗമമായ വാഹന ഗതാഗതത്തിന് തടസ്സം നിൽക്കുന്നതും ഡ്രൈവർമാരുടെ ശ്രദ്ധ വ്യതിചലിപ്പിക്കുന്നതുമായ അനധികൃത പരസ്യ ബോർഡുകളും സൈൻ ബോർഡുകളും നീക്കം ചെയ്യുന്നതിനുള്ള നിർദ്ദേശം കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് നൽകിയിട്ടുണ്ട്.

റോഡപകടങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനായി സംസ്ഥാന മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ

143 (593) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ റോഡപകടങ്ങൾ വർദ്ധിച്ചുവരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തുവാൻ ഏതെങ്കിലും ഏജൻസിയെ നിയോഗിച്ചിരുന്നുവോ ;

(ബി) പ്രസ്തുത ഏജൻസി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) റോഡപകടങ്ങൾ കുറച്ചുകൊണ്ടു വരുന്നതിനായി സംസ്ഥാന മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കുമോ ;

(ഡി) ഗതാഗത വകുപ്പിന്റെ നവീകരണത്തിനും മറ്റുമായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ ?